**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല — കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ മുൻ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. കെ.എം. അബ്ദുൾ സലാമിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. പ്രശാന്ത് കുമാറിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2440/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 17.09.2018

================================================================

പരാമർശം: 1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.11.2008-ലെ സി2-7832/2008 നമ്പർ കത്ത്

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 12.03.2010-ലെ എ 3-47/2010 നമ്പർ കത്ത്
3. സർക്കാരിന്റെ 23.05.2011-ലെ ഇതേ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 04.05.2017-ലെ 10230/ഇപിബി2/2011/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. അബ്ദുൾ സലാം സമർപ്പിച്ച 16.08.2017-ലെ പ്രതിവാദ പത്രിക
6. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2018-ലെ ഡി2-15358/17 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 2008-ലെ തണ്ണീർത്തട നെൽവയൽ സംരക്ഷണ ആക്ട് ലംഘിച്ച് നിർമ്മാണാനുമതി നൽകി എന്നാരോപിച്ച് വിജിലൻസ് വകുപ്പിന് ലഭിച്ച പരാതിയിന്മേൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ടൗൺ പ്ലാനർ എന്നിവർ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, നിലവിൽ കൃഷി ചെയ്യുന്നില്ലാത്തതും ശ്രീ. എ.വി. ഫ്രാൻസിസ് എന്ന വ്യക്തിയുടെ പേരിലുള്ള ആലങ്ങാട് വില്ലേജിലെ ഉദ്ദേശം 5 ഏക്കറോളം വരുന്നതുമായ പാടശേഖരത്തിന്റെ അതിർത്തിയിൽ ഏകദേശം 1 മീറ്റർ ഉയരത്തിൽ കരിങ്കൽ ഭിത്തി കെട്ടിയിരിക്കുന്നു എന്നും, അഞ്ചേക്കറിലേറെ വരുന്ന പാടം നികത്താൻ പാകത്തിൽ 698 മീറ്റർ നീളത്തിൽ ചുറ്റുമതിൽ കെട്ടുന്നതിനും, മറ്റൊരാൾക്ക് ആധാരത്തിൽ സ്ഥലം എന്നാണെങ്കിലും യഥാർത്ഥത്തിൽ നിലം ആണെന്ന് റിപ്പോർട്ട് ലഭിച്ച ശേഷവും രണ്ടു നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നു എന്നും കണ്ടെത്തുകയുണ്ടായി. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ച് സംരക്ഷണ ഭിത്തി നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടതുവഴി കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. അബ്ദുൾ സലാം ഗുരുതരമായ വീഴ്ചയും കൃത്യവിലോപവും കാണിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് സൂചന (3) പ്രകാരം കുറ്റപത്രം നൽകുകയും കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. അബ്ദുൾ സലാമിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. അബ്ദുൾ സലാം 30.04.2016-ന് സേവനത്തിൽ നിന്നും വിരമിച്ചു എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൾ സലാമിനെതിരെ കെ.സി.എസ്.(സി.സി&എ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ തുടരാൻ കഴിയാത്ത സാഹചര്യത്തിൽ ശ്രീ. അബ്ദുൾ

സലാമിനെതിരെ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അബ്ദുൾ സലാം പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായിരുന്ന കാലയളവിൽ ശ്രീ. എ.വി. ഫ്രാൻസിസ് എന്നയാളുടെ ഭൂമിയ്ക്ക് ചുറ്റുമതിൽ കെട്ടുന്നതിന് സെക്രട്ടറിയ്ക്ക് ലഭിച്ച അപേക്ഷയിൽ അന്വേഷണം നടത്തുന്നതിന് തന്നെ ചുമതലപ്പെടുത്തുകയോ ആയതിനാൽ താൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും സെക്രട്ടറിയുടെ നിർദ്ദേശമനുസരിച്ച് കീഴുദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ചട്ടങ്ങളുടെ ബുക്ക് നോക്കി ഫീസ് എത്ര വരുമെന്ന് എഴുതുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ ശിക്ഷണ നടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും ശ്രീ. അബ്ദുൾ സലാം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അബ്ദുൾ സലാം സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ 5 വർഷത്തേക്ക് കുറവ് വരുത്താൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അബ്ദുൾ സലാം സമർപ്പിച്ച പ്രതിവാദ പത്രികയിൽ തന്റെ ഭാഗത്തുനിന്നും വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ശ്രീ. അബ്ദുൾ സലാമിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. അബ്ദുൾ സലാമിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. പ്രശാന്ത് കുമാറിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. പ്രശാന്ത് കുമാർ, സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. ശ്രീ. അബ്ദുൾ സലാം, മുൻ ജൂനിയർ സൂപ്രണ്ട്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/397/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ